'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26- മാവേലിക്കര നഗരസഭ - 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വികസന ഫണ്ട് - പൊതു വിഭാഗത്തിൽ നിന്നും ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.3554/2025/ധന തീയതി,തിരുവനന്തപുരം, 10-04-2025

---

പരാമർശം : 1. 06/01/2025 തീയതിയിലെ ആലപ്പുഴ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ LSGD/JD/ALP/8993/2024-D3 നം. കത്ത്.

2. 01/03/2025 തീയതിയിലെ മാവേലിക്കര സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ. (പി) നം. 86/2016/ധന തീയതി: 17.06.2016.

**ഉത്തരവ്**

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും നഗരസഭ ഹെൽത്ത് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയുമായ പ്രോജക്ട് നമ്പർ 110/25 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതിക്കായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും അനുവദിച്ചതും അക്കൗണ്ട് നമ്പറിലെ പിശക് കാരണം ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 12,000/-രൂപ പുനരനുവദിക്കാനായി ആലപ്പുഴ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും നഗരസഭ ഹെൽത്ത് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയുമായ പ്രോജക്ട് നമ്പർ 110/25 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതിയുടെ ഗുണഭോക്താവിന് നൽകുന്നതിനായി സൂചന (2) ലെ മാവേലിക്കര സബ്ട്രഷറി

ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും, സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ 3604-00-200-81-(02)-35 പൊതു വിഭാഗം ശീർഷകത്തിൽ നിന്നും മാവേലിക്കര നഗരസഭയ്ക്ക് (M040200) ₹12,000/- രൂപ (പന്ത്രണ്ടായിരം രൂപ മാത്രം) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് മാവേലിക്കര നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, മാവേലിക്കര നഗരസഭ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ (ബി.ഡബ്ല്യു-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3052545)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ